**പ്രസിദ്ധീകരണത്തിന്**

കേരളസംസ്ഥാനമുന്നാക്കസമുദായങ്ങളിലെ പിന്നാക്കവിഭാഗകമ്മീഷൻ നടത്തുന്ന സാമ്പിൾ സർവേയെ അവലംബിച്ച് സർക്കാരിന് നിർദ്ദേശം നല്കുന്നതിന് മുന്നോടിയായി 18.01.2022-ൽ നടത്തുന്ന മുന്നാക്ക/സംവരണേതരസമുദായസംഘടനകളുടെ യോഗത്തിലേക്കുള്ള ക്ഷണം എൻ.എസ്.എസ്. നിരസിക്കുകയാണ്.

അശാസ്ത്രീയമായി നടത്തുന്ന സാമ്പിൾ സർവേ, മുന്നാക്കസമുദായങ്ങളിലെ പിന്നാക്കക്കാർക്കുള്ള ഭരണഘടനാസംവരണത്തെയും ജസ്റ്റീസ് എ.വി. രാമകൃഷ്ണപിള്ളകമ്മീഷന്റെ പ്രധാനപ്പെട്ട നിർദ്ദേശമായ കേരളത്തിലെ മുഴുവൻ ജനവിഭാഗങ്ങളുടെയും സാമൂഹിക-സാമ്പത്തിക-സാമുദായികസർവേ നടത്തണമെന്നുള്ള ആവശ്യത്തെയും ദോഷകരമായി ബാധിക്കുന്നതാണ്. സർവേയിൽനിന്നും ലഭിക്കുന്ന നാമമാത്രമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ മുന്നാക്കവിഭാഗങ്ങളിലെയും അവശത അനുഭവിക്കുന്നവരുടെ യഥാർത്ഥചിത്രം പുറത്തുകൊണ്ടുവരാൻ കഴിയില്ല. ഈ വാദമുഖങ്ങൾ ഉന്നയിച്ചുകൊണ്ടാണ് സാമ്പിൾ സർവേ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് എൻ.എസ്.എസ്. ഹൈക്കോടതിയെ സമീപിച്ചത്. എൻ.എസ്.എസ്സിന്റെ ഭയാശങ്കകൾ ദൂരീകരിക്കുന്ന തരത്തിൽ, ഹൈക്കോടതി നല്കിയ ഇടക്കാല ഉത്തരവിലൂടെ, സാമ്പിൾ സർവേ യാതൊരു വിധത്തിലും സംവരണത്തെയോ ജസ്റ്റീസ് എ.വി. രാമകൃഷ്ണപിള്ളകമ്മീഷന്റെ നിർദ്ദേശങ്ങളെയോ ബാധിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മുന്നാക്കസമുദായങ്ങളിലെ പിന്നാക്കാവസ്ഥയെക്കുറിച്ച് ഏതെല്ലാം ഘടകങ്ങൾ സംബന്ധിച്ചുള്ള വിവരശേഖരണമാണ് നടത്തുന്നത് എന്നു നിജപ്പെടുത്തുകയോ സർവേയ്ക്കുള്ള രീതിശാസ്ത്രം നിശ്ചയിക്കുകയോ കമ്മീഷൻ ചെയ്തിട്ടില്ല.

കമ്മീഷന്റെ നേതൃത്വത്തിലുള്ള വിവരശേഖരണമല്ലാതെ, ഏതെല്ലാമോ സംഘടനകൾ ശേഖരിക്കുന്ന വിവരങ്ങൾകൂടി ഉൾപ്പെടുത്താൻ ശ്രമിക്കുകയാണെന്ന് ക്ഷണക്കത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കമ്മീഷൻ നേരിട്ടല്ലാതെ, പുറത്തുനിന്നുള്ള വിവരശേഖരണം നിയമവിരുദ്ധമാണ്. ഇതെല്ലാം കാണിക്കുന്നത്, നിയമം അനുശാസിക്കുന്ന വിധത്തിലല്ലാതെയുള്ള സർവേയും, നിയതമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ പുറത്തുനിന്നു ശേഖരിക്കുന്ന വിവരങ്ങൾ കൂട്ടിക്കലർത്തുന്നതും മുന്നാക്കവിഭാഗങ്ങളുടെ നാമമാത്രമായ അവകാശങ്ങൾകൂടി നഷ്ടപ്പെടുത്താനേ ഉതകൂ എന്നുള്ളതിനാലാണ് കമ്മീഷന്റെ സാമ്പിൾ സർവേയെ എൻ.എസ്.എസ്. എതിർക്കുന്നത്.

പെരുന്ന
12.01.2022

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി